## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1698** — **04.12.2018-ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | കണ്ണൂർ ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയനുസരിച്ച് ആനുകൂല്യത്തിന് അർഹരായ എത്ര ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്; | എ | കണ്ണൂർ ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ പദ്ധതി പ്രകാരം 2687 ഉം, ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നൽകുന്ന പദ്ധതി പ്രകാരം 4879 ഉം ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. |
| ബി | എത്ര ഗുണഭോക്താക്കൾക്ക് ഈ വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്; | ബി | പുതിയ ഭവന പദ്ധതി പ്രകാരം 1068 പേർക്കും പൂർത്തീകരിക്കാത്ത ഭവന പദ്ധതി പ്രകാരം 2476 പേർക്കും ഈ വർഷം ആനുകൂല്യം നൽകിയിട്ടുണ്ട്. |
| സി | കണ്ണൂർ ജില്ലയിൽ ലൈഫ് പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ? | സി | കണ്ണൂർ ജില്ലയിൽ പുതിയ 32 ലൈഫ് വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന ഒന്നാംഘട്ട പ്രകാരം 2476 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ